(ഡി) അവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുനിസിപ്പൽ സെക്രട്ടറിമാരുടെ നിയമന സേവന വ്യവസ്ഥകൾ സംബന്ധിച്ച് 6-1-95-ലെ എൽ.2285/95 (3) നമ്പർ കത്തു പ്രകാരം മുനിസിപ്പൽ ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ചട്ടങ്ങൾക്ക് അന്തിമ രൂപം നൽകിവരുന്നു.

(ബി) ഇല്ല.

(സി)&(ഡി) ഇതു സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് ന്യായമുള്ളതായ സമയം ആവശ്യമാണ്. ഈ ഫയലിൽ കാലതാമസം ഉണ്ടായിട്ടില്ല.

124 (2280) മഞ്ചേരി നഗരസഭയിൽ കിണർ നിർമ്മിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നഗരസഭയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ നിർമ്മിക്കാൻ 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ മഞ്ചേരി നഗരസഭ പ്രസ്തുത കിണർ കുഴിച്ചുവോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) എന്നത്തേയ്ക്ക് കിണർ കുഴിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി കിണർ കുഴിക്കുന്നതിന് ടി വർഷങ്ങളിൽ നിർദ്ദേശം ലഭിച്ചിട്ടില്ല; എന്നാൽ 1999-2000 വർഷത്തിൽ നഗരസഭയിലെ 21,23,28,30,32 എന്നീ വാർഡുകളിൽ ഓരോ കിണർ കുഴിക്കുന്നതിന്റെ സാധ്യതയെപ്പറ്റി ജില്ലാ കളക്ടർ റിപ്പോർട്ടു ആവശ്യപ്പെടുകയും 21-ാം വാർഡിലെ എളംപറമ്പ് ഭാഗത്ത് 23-ാം വാർഡിലെ പൊടിക്കുന്ന് ഭാഗത്തും 28-ാം വാർഡിലെ ഏലംപ്ര-ഇടിഞ്ഞിലംകുന്ന് ഭാഗത്തും 32-ാം വാർഡിലെ നെല്ലിക്കുന്ന് നേർച്ചപ്പാറ ഭാഗത്തും താമരശ്ശേരിയിൽ മുരിക്കലക്കുണ്ടു ഭാഗത്തും കുഴൽകിണറുകൾ കുഴിക്കുന്നതിന് നഗരസഭവക സ്ഥലം ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

(ബി) കിണർ കുഴിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ കിണറുകൾ കുഴിച്ചിട്ടില്ല.

(സി) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് കിണർ കുഴിക്കുന്നതാണ്.

125 (2281) പാലക്കാട് ഖരമാലിന്യ സംസ്കരണശാല

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly